**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ശുചിത്വ മിഷൻ- ജീവനക്കാര്യം - ശ്രീ.പ്രമോദ് എ.എസ്.(ഹെഡ് അക്കൗണ്ടന്റ്, ഭരണിക്കാവ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്, ആലപ്പുഴ ജില്ല) -നെ തൃശ്ശൂർ ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.278/2020/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 02/02/2020**

---

പരാമർശം:-1) 23.06.2019-ലെ സ.ഉ.(കൈ.)നം.72/2019/ത.സ്വ.ഭ.വ.

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.01.2020 -ലെ 2112/ബി/2019/എസ്.എം. നം. കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) യുടെ 14 തസ്തികകളും, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം)-ന്റെ 14 തസ്തികകളും സൃഷ്ടിച്ചുകൊണ്ടും ടി തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നല്കികൊണ്ടും ഉത്തരവായിരുന്നു. ഇതിൻപ്രകാരം തൃശ്ശൂർ ജില്ലാ ശുചിത്വ മിഷനിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ ഹെഡ് അക്കൗണ്ടന്റായി ജോലി നോക്കുന്ന ശ്രീ.പ്രമോദ് എ.എസ്.നെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ അനുബന്ധ രേഖകൾ സഹിതം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, പരാമർശം 2 പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണിക്കാവ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ ഹെഡ് അക്കൗണ്ടന്റായി ജോലി നോക്കുന്ന ശ്രീ.പ്രമോദ് എ.എസ്.നെ തൃശ്ശൂർ ജില്ലാ ശുചിത്വമിഷനിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I. ചട്ടം 140(C) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനത്തിന് ബാധകമായ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മിനിമോൾ ഡി.**
**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിയ്ക്ക് ( എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേനെ)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, ഭരണിക്കാവ്, ആലപ്പുഴ ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**